നമ്പർ. ജി 3.27740/95.

ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ആഫീസ്,
തിരുവനന്തപുരം.
തീയതി. 1.7.95.

സർക്കുലർ നംപർ . 6/95.

വിഷയം: വനംവകുപ്പ് - ജീവനക്കാരുടെ പേരിലുള്ള അച്ചടക്കനടപടി ചട്ടങ്ങൾ കൃത്യമായി പാലിക്കുന്നത് കൃത്യമായി പാലിക്കുന്നത് സർക്കാർ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് .

സൂചന : 12.6.95 — ലെ സർിക്കാർ നമ്പർ , 17042/എ1/94/വനം കത്ത് .

വനംവകുപ്പിലെ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ആഫീസ് മുതൽ ഡിവിഷൻ തലംവരെയുള്ള ആഫീസുകളിൽ 1980 മുതൽ തുടങ്ങിയ ചില അച്ചടക്കനടപടികൾ പൂർത്തിയാക്കാതെ കിടക്കുന്നതായി സർക്കാരിന ്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. ഈ കേസുകളുമായി ബന്ധപ്പെട്ട ജീവനക്കാരിൽ പലരും റിട്ടയർ ചെയ്തതിനുശേഷം വർഷങ്ങൾ തന്നെ കഴിഞ്ഞതിൽ ശിക്ഷണ നടപടി സ്വീകരിക്കേണ്ട കേസ്സായിരുന്നിട്ടും അച്ചടക്കനടപടിയിൽ നിന്ന് ഒഴിവായി തീരുമാനമെടുക്കേണ്ടുന്ന അവസ്ഥ ഉണ്ടായതായും സർക്കാരിന് ബോദ്ധ്യപ്പെട്ടിട്ടുണ്ട് അച്ചടക്ക നടപടി പൂർത്തിയാക്കുന്നതിന് നവേരിട്ട കാലതാമസം മൂലം സർവ്വീസിൽ നിന്നും റിട്ടയർ ചെയ്ത പലരുടേയും പേരിൽ ഇപ്പോൾ കേരള സർവീസ് റൂൾ ഭാഗം 3 ചട്ടം 3 പ്രകാരം നടപടി സർക്കാർ തലത്തിൽ സ്വീകരിച്ചു വരികയുമാണ്. പല കേസുകളിലും അച്ചടക്കനടപടിയുടെ ഭാഗമായി നടത്തപ്പെടുന്ന ഔപചാരിക അന്വേഷണം പൂർിത്തിയാക്കുന്നതിന് കാലതാമസം എടുക്കുന്നതായും ചില കേസുകളിൽ അന്വേഷണ റിപ്പോർട്ട് കിട്ടിയതിനുശേഷം അച്ചടക്കനടപടി പൂർത്തിയാക്കുന്നതിന് അഞ്ചും ആറും വർഷം എടുക്കുന്ന സ്ഥിതിയും ഉണ്ടായിട്ടുണ്ട്. ഈ സാഹചര്യത്തിൽ വനം വകുപ്പിലെ ജീവനക്കാരുടെ പേരിലുള്ള അച്ചടക്കനടപടികൾ സംബന്ധിച്ച ഫയലുകൾ കൈകാര്യം ചെയ്യുംപോൾ ചുവടെ പരാമർശിക്കുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

1. അച്ചടക്കനടപടി ആരംഭിക്കുന്നതിന് മുമ്പ് കുറ്റാരോപിതർ മേജർ പണിഷ്മെന്റാണോ, മൈനർപണിഷ്മെന്റാണോ അർഹിക്കുന്നതെന്ന് ഡിസ്പ്ളിനറി അതോറിറ്റി തീരുമാനമെടുത്ത അതിനനുസരിച്ചുള്ള കുറ്റപത്രം (ചാർജ്ജ്മെമ്മോ) അവർക്ക് നൽകേണ്ടതാണ്. ഏത് തരം ശിക്ഷണനടപടിയും മേജർ പണിഷ്മെന്റിനുള്ള ചാർജ്ജ് മെമ്മോ നൽകുന്നത് ശരിയല്ല.

2. മേജർ പണിഷ്മെന്റിനുള്ള ചാർജ്ജ് മെമ്മോ നൽകിയാൽ കെ. ഗി. എ. സി എ റൂളിൽ ചട്ടം 15 - ൽ പ്രതിപാദിക്കുന്ന വിധത്തിലുള്ള അന്വേഷണവിചാരണ നടത്തിയതിന് ശേഷമേ ശിക്ഷണനടപടിയൽ തീർപ്പു കൽപ്പിക്കുവാൻ പാടുള്ളൂ. മേജർ പണിഷ്മെന്റിനുള്ള ചാർജ്ജ് മെമ്മോ നൽകിയശേഷം വിചാരണ നടത്താതെ മൈനർ പണിഷ്മെന്റ് നല്കി അച്ചടക്ക ശിക്ഷണ നടപടി അവസാനിപ്പിയ്ക്കുന്നതല്ല.

3. കുറ്റപത്രംലകുറ്റാരോപണ പത്രികയും (ചാർജ്ജ് മെമ്മോയിലും ) സ്റ്റേറ്റ്മെന്റ് ഓഫ് അലിഗേഷനിലും ) ഓരോ ജീവനക്കാരന് സർക്കാരിനെ തെങ്കിലും നഷ്ടം വരുത്തിയതായി ബോദ്ധ്യപ്പെട്ടിട്ടുണ്ടെങ്കിൽ അതിന്റെ ഏകദേശം കൃത്യമായി തുക കണക്കാക്കി രേഖപ്പെടുത്തി അറിയിക്കേണ്ടതാണ് . അതല്ലാതെ കുറ്റക്കാരാണെന്ന കണ്ട് പദ്ധതിയുടെ നടത്തിപ്പിനായി എസ്റ്റിമേറ്റ് പ്രകാരം തീരുമാനിച്ച് തുകയോ മറ്റുതരത്തിൽ പദ്ധതിയുമായി ബന്ധപ്പെട്ട മറ്റ് മൊത്തം തുക നഷ്ടമോ സ്ദ്ധ്യതയോ ആയി കാാണിച്ച് കുറ്റവാളികൾക്ക് മെമ്മോ കൊടുക്കുന്നത് ഉചിതമല്ല.

4 എ. സി. എഫ് വരെയുള്ള ജീവനക്കാരുടെ പേരിൽ മൈനർ പണിഷ്മെന്റ് സ്വീകരിക്കുന്നതിന് ചീഫ് ഫോറസ്റ്റ് കൺസർവേറ്റ് 28.12.89 - ലെ എം. എസ്. 348/89/ജി. എ.ഡി.നംപർ സർക്കാർ ഉത്തരവ് മുഖേന അധികാരം നൽകിയിട്ടുള്ളതിനാൽ പ്രസ്തുത ജീവനക്കാരുടെ പേരിൽതന്നെ കഠിനശിക്ഷ വിധിക്കുന്നതിനുള്ള അച്ചടക്കനടപടി

സ്വീകരിക്കണമെങ്കിൽ മാത്രം ആവശ്യമായ ശുപാർശ ബന്ധപ്പെട്ട രേഖകൾ സഹിതം സർക്കാരിൽ സമർപ്പിച്ചാൽമതി.

5 കുറ്റാരോപിതർ റിട്ടയർ ചെയ്യുന്ന കേസ്സുകളിൽ അച്ചടക്കനടപടികളിൽ തീർപ്പുകൽപ്പിക്കാത്തതിനാൽ റിട്ടയർമെന്റാനുകൂല്യങ്ങൽ നൽകുന്നതിന് കാലതാമസം നേരിടുന്ന കേസുകളിൽ പലിശ നൽകുന്നതിന് കോടതിയിൽ നിന്ന് ഈയടുത്ത കാലത്തായി ധാരാളം വിധികൾ വരികയുണ്ടായി. അതനുസരിച്ചുള്ള എല്ലാ കേസുകളിലും അപ്പീലിന് സ്ദ്ധ്യതയില്ലെന്ന് അഡ്വ : ജനറലിലന്റെ റിപ്പേർട്ട പരിഗണിച്ച് പലിശ അനുവദിച്ച് നൽകുകയുണ്ടായി മേലിൽ ഇത്തരത്തിലുള്ള വിധിയ്ക്ക് കോടതിയ്ക്ക് അവസരം നൽകാതെ അച്ചടക്കനടപടിയിൽ തീർപ്പു കല്പ്പിക്കണം . അച്ചടക്കനടപടിയിൽ വകുപ്പുതലത്തചന്റ കൈകൊണ്ട നടപടികളിലെ അനാവശ്യ കാലതാമസം കൊണ്ടാണ് പെൻഷനാനുകൂല്യങ്ങൾക്ക് പലിശ നൽകേണ്ടി വരുന്നതെങ്കിൽ ടി തുക കാലതാമസം വരുത്തുന്നതിന് ഉത്തരവാദികളായ ജീവനക്കാരിൽ നിന്നും ഈടാക്കുന്നതാണ്.

ഈ സർക്കുലർ കൈപ്പറ്റിയ വിവരം ഈ ആഫീസിൽ അറിയിക്കുകയും ഇനിമുതൽ ടി വിഷയം സംബന്ധിച്ചുള്ള ഫയലുകൾ കൈകാര്യം ചെയ്യുമ്പോൾ സർക്കാരിന്റെ നിർദ്ദേശം അനുസരിച്ച് നടപടി സ്വീകരിക്കേണ്ടതാൺ.

(ഒപ്പ്)
ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം)

പകർപ്പ് ; എല്ലാ ഫോറസ്റ്റ് കൺസർവേറ്റർമാർക്കും മുതൽ പേർ

(പകർപ്പ്)

മേലേഴുത്ത് നനപർ ; ജി1. 6368/95, തീയതി ;20.3.96'

പകർപ്പ് ; ജി 1. ജി2. സ്റ്റോക്ക് ഫയലിലേയ്ക്ക്

സി. എഫ് /ടി.എ/*എ/എസ്.എസ്/ടഐ.എസ് (2) എന്നിവർക്ക് അറിവിലേയ്ക്കായി നൽകുന്നു.
ഫോറസ്റ്റ് കൺസർവേറ്റർക്ക് വേണ്ടി

കെ/26.3.96'